# അമ്മായിയമ്മയെ അമ്മയായി കരുതാം

**അമ്മായിയമ്മ മരുമകളെയും മരുമകൾ അമ്മായിയമ്മയെയും ശത്രുവായി കരുതേണ്ടതില്ല. പരസ്പരം മനസ്സിലാക്കാൻ ശ്രമിച്ചാൽ പ്രശ്നങ്ങൾ ഒഴിവാക്കാം**





**സന്ധ്യാറാണി.എൽ**
ചൈൽഡ് & ഫാമിലി കൗൺസലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
9387613503
www.consolace.com

ഓർമ്മവച്ച നാൾമുതൽ കേട്ടു പരിചയിച്ചതും വായിക്കാൻ തുടങ്ങിയ ശേഷം വായിച്ചു പഴകിയതും ദൃശ്യ മാധ്യമങ്ങളിൽ കണ്ടു ശീലിച്ചതുമായ ഒന്നാണ് 'അമ്മായിയമ്മ- മരുമകൾ പോര്?' വളരെ കുറച്ചു കുടുംബങ്ങളിൽ മാത്രം പ്രകടമാകുന്ന ഈ വൈരം ധാരാളം പൊടിപ്പും തൊങ്ങലും ചേർത്ത് ഭാവനയിൽ വികസിപ്പിച്ചെടുക്കുന്ന ചിത്രങ്ങൾ. ഇപ്പോൾ പൊതുവായി ടി.വി സീരിയലുകളിൽ കണ്ടുവരുന്നവ മനസ്സിൽ പതിയുന്നതാകാം, ഇപ്പോൾ ഇത്തരം സംഭവങ്ങൾ വർദ്ധിച്ചു വരാൻ കാരണം.

### ഭർത്താവിനെ രക്ഷകനായി കരുതാം

കല്യാണം കഴിഞ്ഞ് വരന്റെ വീട്ടിലേക്ക് വരുന്ന പെൺകുട്ടിക്ക് അവിടെ ആരുമായും പരിചയമോ, ബന്ധമോ ഉണ്ടാകാറില്ല. അതുകാരണം തന്നെ വിവാഹം കഴിച്ചയാളാണ് തന്റെ രക്ഷകൻ എന്ന വിശ്വാസത്തിലാണവൾ അവിടെയെത്തുന്നത്. സാവധാനം ചുറ്റുപാടുകൾ മനസ്സിലാക്കി അതുമായി പൊരുത്തപ്പെട്ടുപോകുന്നവരാണ് അധികവും. രണ്ട് വ്യത്യസ്ഥ സാമൂഹിക സാഹചര്യങ്ങളിലുള്ള വ്യക്തികളാണെങ്കിൽ ഈ പൊരുത്തപ്പെടലുകൾ എളുപ്പമല്ല. ഇവിടെ ഒരു കൂട്ടർക്ക് ഒരു തരം മാനസികമായ അപകർഷതാബോധം ഉടലെടുക്കുന്നത് കണ്ടു വരുന്നു.

താൻ ഭർത്താവിന്റെ/ ഭാര്യയുടെ വീട്ടുകാരെക്കാൾ കുറഞ്ഞ സാമൂഹ്യ സ്ഥിതിയിൽ നിന്നു വരുന്നതു കൊണ്ട് തന്നെ വേണ്ട വിധം അംഗീകരിക്കുന്നില്ല എന്ന തോന്നലാണ് ഇതിൽ പ്രധാനം. ഇങ്ങനെയുള്ള വീടുകളിൽ അമ്മായിയമ്മ ചെയ്യുന്നതെല്ലാം കുറ്റമായും പറയുന്നതെല്ലാം തന്നെ കുറ്റപ്പെടുത്തുന്നതിന് പറയുന്നതായും മരുമകൾക്ക്/ മകന് തോന്നും. ഇവിടെ നിന്നാണ് മിക്കവാറും ഉരസൽ തുടങ്ങുക. ഭാര്യയുടെ അല്ലെങ്കിൽ ഭർത്താവിന്റെ മുന വച്ചുള്ള സംസാരത്തിൽ അവരോടൊപ്പം നിൽക്കാനോ അമ്മയെ കുറ്റപ്പെടുത്തുവാനോ ന്യായീകരിക്കുവാനോ കഴിയാത്ത അവസ്ഥയിലാകും ഭർത്താവ്/ ഭാര്യ. തന്നോടൊപ്പം നിൽക്കേണ്ട ഭർത്താവ് തന്നെ ന്യായീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നില്ലെന്നു മനസ്സിലാക്കുന്ന ഭാര്യ വർദ്ധിച്ച വീര്യത്തോടെ അമ്മായിയമ്മയെ എതിർക്കാൻ തുടങ്ങും.

> **മരുമകളിൽ/ മരുമകനിൽ വിശ്വാസം വളർത്താൻ മാതാപിതാക്കൾ ശ്രമിക്കണം**

### ഈഗോ തുടങ്ങുന്നു

മകനോ മകളോ ഉള്ള അമ്മമാർക്ക് തന്റെ കുട്ടി വളരെ പ്രധാനപ്പെട്ടതാണ്. ആ കുട്ടിക്ക് ഒരു പോറൽ പോലും ഏൽക്കാതിരിക്കാൻ അവർ അമിത ശ്രദ്ധ ചെലുത്തും. ഇത്തരം അമ്മമാരെ മരുമക്കൾ കാണുന്നത് നിത്യശല്യമായിട്ടായിരിക്കും. 'എന്റെ ഭർത്താവിനെ നോക്കാൻ എനിക്കറിയില്ലേ. ഞങ്ങളുടെ കാര്യത്തിൽ ഇടപെടാൻ അമ്മായിയമ്മയ്ക്കെന്തു കാര്യം' എന്ന രീതിയിലായിരിക്കും പ്രതികരണം. ഇത് ചില അമ്മായിയമ്മമാരുടെ വാശി കൂട്ടുകയും ബന്ധങ്ങൾ പാളിപ്പോകുകയും ചെയ്യും.

ഇതിനിടയിൽപ്പെട്ടുപ്പോകുന്ന മകനോ മകളോ ആണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നത്. ഒരു പക്ഷവും പിടിക്കാനാവാതെ രണ്ടു കൂട്ടരെയും പിൻതുണ





യ്ക്കാനും തള്ളാനും കഴിയാതെ ത്രിശങ്കുവിൽ നിൽക്കേണ്ടി വരുന്നവർ.

ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ഭാര്യയും ഭർത്താവും പരസ്പരം മനസ്സിലാക്കുക എന്നതാണ് ഏറ്റവും പ്രധാനം. ഇതിനായി അവർ മാത്രമായി കുറേ സമയമെങ്കിലും ചെലവിടുകയും പരസ്പരം സംസാരിക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനം. വിവാഹം കഴിഞ്ഞയുടനെയുള്ള കുറച്ചു നാളുകളെങ്കിലും ഇവർ മാത്രമായി താമസിക്കുക എന്നത് പരസ്പരം മനസ്സിലാക്കുന്നതിനും പൊരുത്തപ്പെടുന്നതിനും ഏറെ സഹായകമാണ്. അതിനുശേഷം ഇവർ ആരുടെയെങ്കിലും മാതാപിതാക്കളോടൊപ്പം കഴിഞ്ഞാൽ അധികം പ്രശ്നങ്ങൾ ഉണ്ടാകാനിടയില്ല.

## മാതാപിതാക്കൾ മനസ്സിലാക്കണം

വ്യത്യസ്ത സാമൂഹിക പശ്ചാത്തലത്തിൽ നിന്നു വരുന്ന മരുമകളിൽ/ മരുമകനിൽ വിശ്വാസം വളർത്തിയെടുക്കാനുതകുന്ന രീതിയിലായിരിക്കണം മാതാപിതാക്കൾ പെരുമാറേണ്ടത്. ഭാര്യയുടെയോ ഭർത്താവിന്റെയോ രക്ഷാകർത്താക്കളിൽ തങ്ങളോട് താത്പര്യം ജനിപ്പിക്കുക എന്നതാണ് പുതിയതായി വിവാഹം കഴിഞ്ഞെത്തുന്നവർ ശ്രദ്ധിക്കേണ്ടത്. രണ്ടു വീടുകളും തങ്ങളുടേതാണെന്ന തോന്നൽ മനസ്സിൽ നിർബന്ധമായും ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ കൂട്ടുകുടുംബത്തിലും ജീവിതം സന്തോഷകരമായിരിക്കും.

തങ്ങളുടെ മകനോ മകളോ കല്ല്യാണം കഴിഞ്ഞാൽ അവരുടെ സ്വകാര്യതകൾ മാനിക്കപ്പെടേണ്ടതാണെന്നും മാതാപിതാക്കൾ അംഗീകരിക്കണം. വിവാഹത്തിനു മുമ്പ് അവരുടെ കാര്യങ്ങളിൽ ഇടപെട്ടിരുന്നതുപോലെ അതു കഴിഞ്ഞും ഇടപെടാൻ ശ്രമിക്കരുത്. തെറ്റുകൾ കണ്ടാൽ ചൂണ്ടികാണിക്കണം. പക്ഷേ, അത് കുറ്റപ്പെടുത്തലിന്റെ രീതിയിലാകരുത്. ശാസന അതിരുവിടാതിരിക്കാനും ശ്രദ്ധിക്കണം. പ്രത്യേകിച്ച് മകന്റെയോ, മകളുടെയോ ജീവിത പങ്കാളിയുടെ മുന്നിൽ വച്ച്.

## ആശയവിനിമയം വേണം

ജനിച്ച നാൾ മുതൽ ഇത്രയും കാലം വളർത്തി വലുതാക്കിയ അച്ഛനും അമ്മയ്ക്കും വിവാഹം കഴിഞ്ഞതുകൊണ്ട് തങ്ങളുടെ മകൻ/മകൾ വലുതായി സ്വയം പര്യാപ്തനായി എന്ന് ഒരു രക്ഷാകർത്താവും വിചാരിക്കില്ല. അവർക്ക് തുടർന്നും തങ്ങളുടെ സഹായം അല്ലെങ്കിൽ സംരക്ഷണം ആവശ്യമുണ്ട് എന്നാണ് ഭൂരിഭാഗവും കരുതുന്നത്. ഇത് മനസ്സിലാക്കി പെരുമാറാൻ കഴിഞ്ഞാൽ വലിയ ഒരളവുവരെ പ്രശ്നങ്ങൾ ഒഴിവായിക്കിട്ടും. ഇരുകൂട്ടരുടെയും രക്ഷാകർത്താക്കളുമായി തുറന്നു സംസാരിക്കുക, അവരെ അന്യരായി കാണാതിരിക്കുക, അവർക്ക് അവരുടെ കുട്ടിയുടെ മേലുള്ള വാത്സല്യവും സ്നേഹവും അംഗീകരിക്കുക എന്നിവയാണ് സമാധാന ജീവിതത്തിന് ഉതകുന്നത്.

ഏറ്റവും പ്രധാനം ഭാര്യയും ഭർത്താവും മാത്രമായി ആശയവിനിമയം സ്വതന്ത്രമായി നടത്തുവാനും ഇടപെടാനുമുള്ള സമയവും സൗകര്യവും കണ്ടെത്തുക എന്നതാണ്. പരസ്പരം തുറന്നു സംസാരിച്ചാൽ തന്നെ ഏറെ പ്രശനങ്ങളും പരിഹാരമാകും. കുട്ടികളുണ്ടായിക്കഴിഞ്ഞാൽ അവരുമൊത്ത് അച്ഛനും അമ്മയും സമയം ചെലവിടുന്നത്. അവരുടെ വ്യക്തിവികാസത്തിനും പ്രയോജനകരമാകും.